(എഫ്) കറുവ ഗ്രാമ പഞ്ചായത്തിലെ മേലെകളമ്പ് പള്ളിപ്പടി അങ്ങാടിയിൽ നിലവിലുള്ള 150 mm വ്യാസമുള്ള കഴൽകിണർ.

(ജി) ഉണ്ട്. പമ്പിംഗ് മെയിൻ, ജലസംഭരണി, വിതരണ ശൃംഖല, ബൂത്ത് പമ്പ് ഹൗസ് എന്നിവ സ്ഥാപിച്ചുകഴിഞ്ഞു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി നിലവിൽ കറുവ പഞ്ചായത്തിലെ ജലനിധി പദ്ധതിയുമായി ബന്ധിപ്പിക്കാൻ തീരുമാനമെടുത്തതായി കാണുന്നില്ല. എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

കെട്ടിട നികുതി കുറവ് ചെയ്യുന്നത് സംബന്ധിച്ച്

112 (1630) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ, ചെറിയനാട്, നെടുവരംകോട്, ഇരമത്തിമേൽ, ചിറമേൽ വീട്ടിൽ ശ്രീമാൻ സി. ഐ. തോമസ്, കെട്ടിട നികുതി കുറവ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) 29-2-2012-ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ എൽഡിസി/7821/12/എം3 കത്തിൽ പരാമർശിച്ചിരിക്കുന്നത് അസസ്സ്മെന്റ് രജിസ്റ്ററിൽ 12-10-2010-ൽ ടി പഞ്ചായത്ത് പ്രസിഡന്റ്, പുനഃപരിശോധിക്കണമെന്ന് വ്യക്തിവൈരാഗ്യംമൂലം എഴുതിച്ചേർത്തിരുന്നതിനാലാണ് എന്ന് വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 12-5-2014-ൽ ചെറിയനാട് പഞ്ചായത്ത് സെക്രട്ടറി സി3/69/14 നമ്പർ കത്ത് പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപാകത പരിഹരിക്കുവാനായി നിയമാനുസൃത നിർദ്ദേശങ്ങൾക്കും സൃഷ്ടീകരണത്തിനുമായി സമർപ്പിച്ചിരുന്ന റിപ്പോർട്ടിൻമേൽ കഴിഞ്ഞ എട്ട് മാസക്കാലമായി യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 27-5-2014-ലെ സി1/5204/14 ഫയലിൻമേൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ; വിശദീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറിയനാട്, ചിറമേൽ വീട്ടിൽ സി. ഐ. തോമസിന്റെ കെട്ടിട നികുതി കുറവുചെയ്യുന്നതുമായി ബന്ധപ്പെട്ട് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് 27-5-2014-ൽ സി1-5204/2014 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത വിഷയം സംബന്ധിച്ച് 2-7-2014 തീയതിയിലെ സി3-21126/2014 നമ്പർ കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അസസ്മെന്റ് രജിസ്റ്ററിൽ സെക്രട്ടറിയുടെ അടിയന്തര പരിശോധനയ്ക്ക് ഉദ്ദേശം 30 ലക്ഷം രൂപയിൽ കൂടുതൽ ചെലവ് ചെയ്ത 8 മീറ്റർ വീതിയുള്ള പി.ഡബ്ല്യു.ഡി. റോഡിന്റെയും 8 മീറ്റർ വീതിയുള്ള പഞ്ചായത്ത് വക നബാർഡ് റോഡിന്റെയും സൈഡിൽ നിർമ്മിച്ചിരിക്കുന്ന പടുകൂറ്റൻ കെട്ടിടമാണ് 4320 രൂപയ്ക്ക് അസസ് ചെയ്തിരിക്കുന്നത്. ടി അസസ്മെന്റ് അടിന്തരമായി പുനഃപരിശോധിക്കുക എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ടി വിഷയം സംബന്ധിച്ച് നിയമാനുസൃത നിർദ്ദേശങ്ങൾക്കും സ്പഷ്ടീകരണത്തിനുമായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 27-5-2014-ലെ സി1-5204/2014 നമ്പർ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആരായുകയുണ്ടായി. ആയതുപ്രകാരം 2-7-2014-ലെ സി3-21126/2014 നമ്പർ കത്ത് മുഖേന, 2013-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളിലെ 9-ാം ചട്ടത്തിലെ 4 (എ), 4 (ബി), എന്നീ ഉപചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പുതിയ രീതിയിൽ പാർപ്പിടാവശ്യത്തിനും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയം ആദ്യമായി നടത്തുമ്പോൾ തൊട്ടുമുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതി തുകയിൽ 25 ശതമാനം മിനിമം വർദ്ധന ഉണ്ടാകണമെന്നും എന്നാൽ അത് 60 ശതമാനം അധികരിക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നികുതി നിർണ്ണയിച്ചതുകൊണ്ടാണ് ശ്രീ. സി. ഐ. തോമസ് ചിറമേലിന്റെ കെട്ടിട നികുതി സമീപവാസി ശ്രീ പ്രസന്നകുമാർ (ചൈതന്യ) എന്നയാളുടെ കെട്ടിട നികുതിയേക്കാൾ അധികരിച്ചതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അനോമലി പരിഹരിക്കുന്നതിനായി 4 (എ) ഉപചട്ടത്തിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിർണ്ണയിക്കുമ്പോൾ തൊട്ടുമുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ ഏറ്റവും കുറഞ്ഞത് 25 ശതമാനം വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ടി ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.